# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4735 | 19/05/2017-ൽ മറുപടിയ്ക്ക്

## വനം ദീപ്തി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, വി.ടി.ബൽറാം<br>,, അൻവർ സാദത്ത് | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വനം ദീപ്തി പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വന ദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2012-2013 വർഷത്തിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിലെ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ഇളംമ്പ്രക്കോട് എന്ന സ്ഥലത്ത് 20.8 ഹെക്ടർ, കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ പത്തുപറ എന്ന സ്ഥലത്ത് 5.7 ഹെക്ടർ എന്നിവടങ്ങളിൽ അക്കേഷ്യ മരങ്ങൾ മുറിച്ച് മാറ്റി തദ്ദേശീയമായ ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള വനവൃക്ഷങ്ങൾ നട്ടുവളർത്തിയിട്ടുള്ളതാണ്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ; | (ബി) വിദേശമരമായ അക്കേഷ്യ നട്ടുപിടിപ്പിച്ച ഏകവിളത്തോട്ടങ്ങൾ ഘട്ടംഘട്ടമായി ഇല്ലാതാക്കുക, തദ്ദേശീയവൃക്ഷങ്ങൾ ഉപയോഗിച്ച് സ്വാഭാവികവനം പുനർജ്ജനിപ്പിക്കുക, ഈ പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസവ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വനദീപ്തി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| സി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം ഏതെല്ലാം ഡിവിഷനുകളിൽ എത്ര ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുവാൻ കഴിഞ്ഞു എന്നും ഇതിനായി എത്ര രൂപ ചെലവായെന്നും വെളിപ്പെടുത്തുമോ? | സി) വന ദീപ്തി പദ്ധതി പ്രകാരം 2012-13 വർഷത്തിൽ നിർമ്മിച്ച തോട്ടങ്ങളിലെ 5-ാം വർഷ പരിചരണ പ്രവർത്തനമാണ് കഴിഞ്ഞ സാമ്പത്തിക വർഷം നടത്തിയത്. ആയതിനാൽ പുതിയ ഫലവൃക്ഷത്തൈകൾ നട്ടു പിടിപ്പിച്ചിട്ടില്ല. 5-ാം വർഷ പരിചരണത്തിനായി ആകെ 6,03,888/- രൂപ ചിലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ